ഉത്തരം

(എ) ഉണ്ട്.

(ബി) പാപ്പിനിശ്ശേരി.

(സി) ജി.ഒ.(ആർ‌ടി.) നമ്പർ 26/10/ടി.ഡി. തീയതി 11-1-2010, ജി.ഒ.(ആർ‌ടി.) നമ്പർ 507/10/ടി.ഡി. തീയതി 11-6-2010 എന്നിവ പ്രകാരം, 51 ഗോഡൗൺ തുടങ്ങുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതാണ്.

കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് പുതിയ കെട്ടിടം

111 (1074) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് അനുവദിച്ചിരുന്ന സ്പീഡ് ബോട്ട് 'സിൽക്കിൽ' നിന്നും നിർമ്മാണം പൂർത്തിയാക്കി ലഭ്യമാക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

(ബി) കുട്ടനാട്ടിൽ എക്സൈസ് വകുപ്പിനുവേണ്ടി നിർമ്മാണത്തിലിരിക്കുന്ന മോട്ടോർ ബോട്ടിന്റെ നിർമ്മാണ ചെലവായ ഒന്നാം ഗഡു പണമായ 3,36,000 രൂപ, 6-11-2010-ൽ ബോട്ട് നിർമ്മാണ കമ്പനിക്ക് നൽകിയിട്ടുണ്ട്. ബോട്ടിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നിയമവിരുദ്ധ കശുവണ്ടി സംസ്കരണ കേന്ദ്രങ്ങൾ

112 (1075) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി മേഖലയിൽ നിയമവിരുദ്ധമായി കശുവണ്ടി സംസ്കരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കൂടിൽ വറുപ്പ് നിരോധനം പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly